സേനാപതി 33 കെ. വി., എം. വി. എം. സബ് സ്റ്റേഷന്റെ നിർമ്മാണം

53 [2042] ശ്രീ. കെ. കെ. ജയചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേനാപതി 33 കെ. വി., എം. വി. എം. സബ് സ്റ്റേഷന്റെ നിർമ്മാണത്തിന് റവന്യൂ ഭൂമി വിട്ടു കിട്ടുന്നതിനായി കെ. എസ്. ഇ. ബി. റവന്യൂ വകുപ്പിന് അപേക്ഷ നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ്;

(ബി) ഭൂമി വിട്ടുകിട്ടുന്നതിന് എത്ര സമയമെടുക്കുമെന്ന് പറയാമോ;

(സി) സബ്സ്റ്റേഷൻ നിർമ്മാണം എന്നത്തേക്ക് ആരംഭിച്ച് പൂർത്തിയാക്കാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 4-2-2004-ൽ.

(ബി, സി) സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭിച്ചാലുടൻ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാവുന്നതാണ്. 2007 മാർച്ചിൽ നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

പന്നിയാർ ജലവൈദ്യുത പദ്ധതിയുടെ നവീകരണ കരാർ

54 [2043] പ്രൊഫ. കെ. വി. തോമസ്:
ഡോ. എം. എ. കുട്ടപ്പൻ:
ശ്രീ. എം. എം. ഹസ്സൻ:
,, കെ. സി. ജോസഫ്:
,, ടി. എൻ. പ്രതാപൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്നിയാർ ജലവൈദ്യുത പദ്ധതിയുടെ നവീകരണ കരാർ ജോലികൾക്കായി 7-6-1998-ന് എസ്. എൻ. സി. ലാവ്‌ലിൻ കമ്പനികളും കെ. എസ്. ഇ. ബി.-യും തമ്മിൽ ഒപ്പുവച്ച കരാറിൽ ആരെല്ലാമാണ് ഈ വിഭാഗത്തിനുവേണ്ടി ഒപ്പുവച്ചത്;

(ബി) ഈ കരാറിൽ കെ. എസ്. ഇ. ബി. ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്ട്രാർ ചെയ്ത പ്രവർത്തിച്ചു വരികയാണെന്ന് വ്യക്തമാക്കിയിട്ടുണ്ടോ;

(സി) കമ്പനിയായി രജിസ്ട്രാർ ചെയ്തതിന് ശേഷമാണോ ഈ കരാറിൽ ഇങ്ങനെ ഉൾപ്പെടുത്തിയത്;

(ഡി) 1998 ജൂലായ് 6-ന് മുമ്പ് കമ്പനി രജിസ്ട്രാർ ചെയ്യാൻ കെ. എസ്. ഇ. ബി. എന്തെല്ലാം നടപടികളാണ് പൂർത്തിയാക്കിയിരുന്നത്;

(ഇ) ഇതു സംബന്ധിച്ച ഫയലുകൾ കെ. എസ്. ഇ. ബി.-യിൽ ഇപ്പോൾ ഉണ്ടോ; ഈ ഫയലുകൾ അപ്രത്യക്ഷമായിട്ടുണ്ടെങ്കിൽ ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly